ഐ.സി.എസ്.എഫ്
കൈപ്പുസ്തകം

DRAFT

# “മത്സ്യമേഖലയിലെ തൊഴിൽ” കൺവെൻഷൻ, 2007–തിരിച്ചറിയൽ

ഇന്റർനാഷണൽ കളക്ടീവ്
ഇൻ സപ്പോർട്ട് ഓഫ് ഫിഷ്
വർക്കേഴ്സ്

www.icsf.net

# 2007 മത്സ്യബന്ധന കൺവൻഷൻ പ്രവർത്തനങ്ങൾ

അന്താരാഷ്ട്ര ലേബർ ഓർഗനൈസേഷന്റെ ( ILO) 2007 ജൂണിൽ സ്വിറ്റ്സ്വർലണ്ടിലെ ജനീവയിൽ സംഘടിപ്പിച്ച 96-ാമതു അന്താരാഷ്ട്രതൊഴിൽ കോൺഫറൻസിൽ അംഗീകരിച്ച 'ഫിഷിംഗ് കൺവൻഷൻ 2007 ന്റെ' പ്രവർത്തനങ്ങളെ സംബന്ധിച്ച ഏകദേശരൂപം പ്രദാനം ചെയ്യുന്നതിനുള്ള ഒരു ശ്രമമാണ് ഈ കൈപ്പുസ്തകം. ഇത് കൺവെൻഷന്റെ ഏതെങ്കിലും വകുപ്പുകളുടെ വിശകലനമല്ലെന്നുമാത്രമല്ല മറിച്ച് ഏതെങ്കിലും വകുപ്പിനു പകരമുള്ള ഒന്നായും കണക്കാക്കാവുന്നതുമല്ല. കൺവെൻഷൻ സംബന്ധിച്ചും, അന്താരാഷ്ട്ര തൊഴിൽ സംഘടനയെക്കുറിച്ചും, അന്താരാഷ്ട്രതൊഴിൽ സമിതിയെക്കുറിച്ചും വേണ്ടത്ര അവഗാഹമില്ലാത്തവർക്കു അതിനൊരു സഹായം എന്നതുമാത്രമാണ് പ്രാധാനമായും ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വികസ്വര രാജ്യങ്ങളിലെ പരമ്പരാഗത / ചെറുകിട മത്സ്യമേഖലയ്ക്കു കൺവെൻഷൻ കൊണ്ടുണ്ടാകാവുന്ന പ്രയോജനങ്ങളും സാദ്ധ്യതകളും മനസ്സിലാക്കാൻ മത്സ്യത്തൊഴിലാളികൾക്കും അവരുടെ സംഘടനകൾക്കും സഹായകമാവുക എന്നതാണ് ഈ കൈപ്പുസ്തകത്തിന്റെ ലക്ഷ്യം.

DRAFT

ചിത്രം - 1

2007, ഫിഷിംഗ് കൺവൻഷന്റെ കർമ്മപദ്ധതി
ഐ.സി.എസ്.എഫ്
പഠനസഹായി

DRAFT

# ഉള്ളടക്കം


1. ആമുഖം
   * മത്സ്യമേഖലയിലെ തൊഴിൽ കൺവെൻഷൻ 2007 എന്നാലെന്ത്?
2. അന്താരാഷ്ട്ര തൊഴിൽ സംഘടന
   * അന്താരാഷ്ട്ര തൊഴിൽ സംഘടന എന്നാലെന്ത്?
   * അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ പ്രവർത്തനങ്ങൾ
   * അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ഘടനയെന്ത്?
   * അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ത്രിതലഘടനയെന്ത്?
   * തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ പങ്ക് എന്ത്?
   * ഒരു കൺവെൻഷനോ ശുപാർശയോ അന്താരാഷ്ട്ര തൊഴിൽ സംഘടന അംഗീകരിക്കുന്നതെങ്ങനെ?
3. അന്താരാഷ്ട്ര തൊഴിൽ സംഘടനയും മത്സ്യമേഖലയും
   * മത്സ്യമേഖലയിൽ അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ഇടപെടലുകൾ എന്താണ്.?
   * മത്സ്യമേഖലയിൽ പുതിയ തൊഴിൽ മാനദണ്ഡങ്ങൾ വികസിപ്പിക്കുന്നതിന് അന്താരാഷ്ട്രതൊഴിൽ സംഘടന ചെയ്തതെന്തെല്ലാം.?
4. മത്സ്യബന്ധനമേഖലയിലെ തൊഴിൽ കൺവെൻഷൻ 2007
   * മത്സ്യബന്ധന തൊഴിൽ കൺവെൻഷന്റെ പ്രത്യേക സവിശേഷതകൾ ഏവ?
   * മത്സ്യമേഖലയിലെ തൊഴിൽ കൺവെൻഷൻ 2007 ന്റെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാം.?
   * ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് കൺവെൻഷന്റെ പ്രത്യേക നിർദ്ദേശങ്ങൾ ഏവ?
   * മത്സ്യമേഖലയിലെ തൊഴിൽ കൺവെൻഷൻ 2007 ന്റെ ഘടനയെന്ത്?
   * ക്രമാനുഗത നടപ്പിലാക്കൽ സമീപനം എന്നാലെന്ത്.?


DRAFT

5. പരമ്പരാഗത മത്സ്യബന്ധനവും ചെറുകിട മത്സ്യബന്ധനവും

* ചെറുകിട മത്സ്യബന്ധനത്തിനുപോലും തൊഴിൽ മാനദണ്ഡം കണക്കിലെടുക്കേണ്ടതിന്റെ പ്രാധാന്യം എന്ത്.?
* മത്സ്യബന്ധനതൊഴിൽ കൺവെൻഷൻ 2007 ൽ നിന്നും പരമ്പരാഗത ചെറുകിട മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്കും ലഭിക്കാവുന്ന ഗുണങ്ങൾ എങ്ങനെ പ്രയോജനപ്പെടുന്നു.
* വിവിധ വിഭാഗങ്ങളിലുള്ള മത്സ്യത്തൊഴിലാളികളെയും മത്സ്യബന്ധനയാനങ്ങളെയും 2007 ലെ മത്സ്യബന്ധന തൊഴിൽ കൺവെൻഷനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ.?
* തീരാധിഷ്ഠിത മത്സ്യബന്ധന പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന മുഴുവൻ ആളുകൾക്കും മത്സ്യബന്ധന തൊഴിൽ കൺവെൻഷൻ 2007 എത്രമാത്രം ഗുണകരമാണ്.
* മത്സ്യബന്ധന തൊഴിൽ കൺവെൻഷൻ 2007 ന്റെ പരിധിയിൽ ഉൾപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമായതിന് തത്തുല്യമായ പ്രയോജനങ്ങൾ തീരാധിഷ്ഠിത മത്സ്യബന്ധനത്തൊഴിലാളികൾക്കും ലഭ്യമാണെന്നത് ഉറപ്പുവരുത്തുന്നതിന്മത്സ്യത്തൊഴിലാളികൾക്കും സാമൂഹ്യ സംഘടനകൾക്കും എന്ത് ചെയ്യാൻ കഴിയും.?

6. മുന്നോട്ടുള്ള വഴി

* 2007 മത്സ്യബന്ധനതൊഴിൽ കൺവെൻഷൻ വിഭാവനം ചെയ്യുന്ന തൊഴിൽ അംഗീകരിക്കുന്നതിനും ഭേദഗതികൾ വരുത്തുന്നതിനും അംഗരാജ്യങ്ങൾ എന്തുചെയ്യണമെന്നാണ് പ്രതീക്ഷിക്കുന്നത്.?
* 2007 ലെ മത്സ്യബന്ധനത്തൊഴിൽ കൺവെൻഷന്റെ വിവിധ വ്യവസ്ഥകൾ പ്രാവർത്തികമാക്കി വികസ്വര രാജ്യങ്ങളെ സഹായിക്കുന്നതിന് ഏതെങ്കിലും പ്രത്യേക വ്യവസ്ഥയുണ്ടോ?
* മത്സ്യബന്ധനത്തൊഴിൽ കൺവെൻഷൻ പ്രാവർത്തികമാക്കുന്നു എന്നതുറപ്പുവരുത്തുവാൻ മത്സ്യത്തൊഴിലാളികൾക്കും സാമൂഹ്യ പ്രസ്ഥാനങ്ങൾക്കും എന്തുചെയ്യുവാൻ കഴിയും?

7. ഉപസംഹാരം

* ചില പര്യവസാന നിരീക്ഷണങ്ങൾ

DRAFT

ആമുഖം

DRAFT

ചിത്രം - 2

യാനത്തിലേയ്ക്ക് സ്വാഗതം
സാമൂഹ്യ സുരക്ഷ
വൈദ്യസഹായം
തൊഴിൽ സുരക്ഷ
സേവന വ്യവസ്ഥകൾ
ഭക്ഷണവും കുടിവെള്ളവും
നിയമനം
സമ്മർദ്ദതന്ത്രവും നടപ്പാക്കലും

DRAFT

## അന്താരാഷ്ട്ര തൊഴിൽ സംഘടന ( ILO)

### മത്സ്യബന്ധന മേഖലയിലെ തൊഴിൽ കൺവെൻഷൻ, 2007 എന്ത്?

അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ അന്താരാഷ്ട്രതൊഴിൽ സമ്മേളനത്തിൽ സർക്കാരുകളുടേയും തൊഴിലാളികളുടേയും തൊഴിൽ ദായകരുടേയും പ്രതിനിധികൾ അംഗീകരിച്ച മത്സ്യമേഖലയിലെ തൊഴിൽ കൺവെൻഷൻ 2007 മത്സ്യമേഖലയ്ക്കായി പുതിയ തൊഴിൽ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

കൺവെൻഷന്റെ ഉദ്ദേശ്യലക്ഷ്യംതന്നെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനയാനങ്ങളിൽ ജോലിചെയ്യുമ്പോൾ അതിന് അവശ്യം വേണ്ടിവരുന്ന മാന്യമായ സാഹചര്യങ്ങൾ അതായത് സേവന വ്യവസ്ഥ, താമസസൗകര്യം, ആഹാരം, തൊഴിൽ സുരക്ഷിതത്വം, ആരോഗ്യ സംരക്ഷണം, തൊഴിൽ സംരക്ഷണം എന്നിവ ഉറപ്പാക്കുകയെന്നതാണ്. സ്വദേശത്തേക്കുള്ള മടക്കം, നിയമനം, കടലിലായിരിക്കുമ്പോഴുള്ള ആരോഗ്യപരിചരണം, തൊഴിൽപരമായ ആരോഗ്യവും സുരക്ഷയും സാമൂഹ്യസുരക്ഷസംരക്ഷണം എന്നിവയുടെ നടപ്പാക്കലും പാലിക്കപ്പെടലും ഉൾപ്പെടെ നിലവിലുള്ള കരണങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത പുതിയ പ്രശ്നങ്ങളും കണക്കിലെടുത്തിട്ടുണ്ട്. മത്സ്യബന്ധനയാനങ്ങൾ എവിടെ മത്സ്യബന്ധനം നടത്തുന്നു എന്നതിനേക്കാളുപരി അവ രജിസ്റ്റർ ചെയ്തിട്ടുള്ള "പതാക"രാജ്യത്തെയാണ് കൺവൻഷൻ മുഖ്യമായും ലക്ഷ്യം വച്ചിട്ടുള്ളത്. മത്സ്യബന്ധനയാനങ്ങൾ ഏതുരാജ്യത്തിന്റേതെന്നതിനുപരി അവ എത്തുന്ന തുറമുഖരാജ്യങ്ങളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകളും കൺവൻഷനിലുണ്ട്.

DRAFT

# അന്താരാഷ്ട്രതൊഴിൽ  സംഘടന
# ( ILO)

DRAFT

## അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO)

DRAFT

ചിത്രം - 3

തൊഴിലാളികൾ
തൊഴിൽദായകർ
അന്താരാഷ്ട്രതൊഴിൽ കോൺഫറൻസ്
സർക്കാർ

# എന്താണ് അന്താരാഷ്ട്രതൊഴിൽ സംഘടന?

തൊഴിൽ സാഹചര്യങ്ങൾ, അവസരസമത്വം, സാമൂഹ്യസുരക്ഷ, സംഘടനാസ്വാതന്ത്ര്യം, നിർബന്ധിതതൊഴിൽ, കുറഞ്ഞപ്രായപരിധി നിയന്ത്രണം തുടങ്ങിയവ ഉൾക്കൊള്ളുന്ന തൊഴിലവകാശങ്ങൾക്ക് ഒരു അന്താരാഷ്ട്രമാനദണ്ഡം വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ഒരു പ്രത്യേക കാര്യസ്ഥസമിതിയാണ് അന്താരാഷ്ട്രതൊഴിൽ സംഘടന.

തൊഴിലെടുക്കുന്നവരോടുള്ള മാന്യമായപെരുമാറ്റത്തിലൂടെ മാത്രമേ തൊഴിൽ രംഗത്ത് ആഗോളതലത്തിൽ ശാശ്വതസമാധാനം കെട്ടിപ്പടുക്കാനാവൂ എന്ന കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കി ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനം 1919 ലാണ് അന്താരാഷ്ട്രതൊഴിൽ സംഘടനയ്ക്ക് രൂപം നല്കിയത്. അന്താരാഷ്ട്രതൊഴിൽ സംഘടന 1946 ലാണ് ഐക്യരാഷ്ട്രസംഘടനയുടെ ആദ്യപ്രത്യേക കാര്യസ്ഥ സമിതിയായത്. ഇത് ലീഗ് ഓഫ് നേഷൻസിന്റെ രൂപീകരണത്തിന് വഴിതെളിച്ച വേഴ്സായി സന്ധിയുടെ ഇന്നും നിലനിൽക്കുന്ന ഒരു മുഖ്യസൃഷ്ടിയായി അവശേഷിക്കുന്നു. അന്താരാഷ്ട്രതൊഴിൽ സംഘടനയ്ക്ക് 1969 ൽ അതിന്റെ അൻപതാം വാർഷികത്തിൽ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു.

സ്വാതന്ത്ര്യം, സമത്വം, സുരക്ഷിതത്വം, മാന്യത എന്നിവയിലധിഷ്ടിതവും മാന്യവും ഉത്പാദനക്ഷമവുമായ തൊഴിലവസരങ്ങൾ സ്ത്രീകൾക്കും പുരുഷൻമാർക്കും ലഭ്യമാക്കുന്നതിന് അന്താരാഷ്ട്രതൊഴിൽ സംഘടന പ്രതിജ്ഞാബദ്ധമാണ്. തൊഴിലവകാശം പ്രോത്സാഹിപ്പിക്കുക, മാന്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സാമൂഹ്യസുരക്ഷ ഉറപ്പാക്കുക, തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കുക എന്നിവയാണ് അതിന്റെ മുഖ്യലക്ഷ്യങ്ങൾ.

സാമൂഹ്യനീതിയും അന്താരാഷ്ട്രതലത്തിൽ അംഗീകരിച്ച മനുഷ്യാവകാശങ്ങളും തൊഴിലവകാശങ്ങളും പ്രോത്സാഹിപ്പിക്കുന്ന സമാധാനത്തിലധിഷ്ടിതമായൊരു തൊഴിൽ മേഖലയ്ക്കുമാത്രമേ ഐശ്വര്യത്തിലേക്ക് നയിക്കാനുമാവൂ എന്ന സ്ഥാപകലക്ഷ്യം ഇന്നും സംഘടന അനുവർത്തിച്ചുവരുന്നു.

DRAFT

മാന്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സമാധാനവും ഐശ്വര്യവും പുരോഗതിയും നിലനിർത്തുന്നതിന് ബാദ്ധ്യസ്ഥരായ തൊഴിൽ, വ്യവസായി വിഭാഗങ്ങൾക്ക് സാമ്പത്തികവും പ്രവർത്തന സൗകര്യങ്ങളും ഒരുക്കുന്നതിനും തൊഴിലവസരസൃഷ്ടിയിലും അന്താരാഷ്ട്രതൊഴിൽ സംഘടന ഇന്നും ഗണ്യമായ സഹായം നൽകിവരുന്നു.

അംഗരാജ്യങ്ങളാണ് അന്താരാഷ്ട്രതൊഴിൽസംഘടനയിലെ അംഗങ്ങൾ. 2007 ഡിസംബർ 20 -ാം തീയതി വരെയുള്ള വിവരം അനുസരിച്ച് അന്താരാഷ്ട്രതൊഴിൽ സംഘടനയിൽ 181 അംഗങ്ങളാണുള്ളത്.

## അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്.?

DRAFT

സംഘടനാസ്വാതന്ത്ര്യം, കൂട്ടായവിലപേശൽ, നിർബന്ധിതജോലി നിർമ്മാജനം, അവസരസമത്വവും ചികിത്സയും, തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനുള്ള മറ്റുമാനദണ്ഡങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് അവശ്യ അടിസ്ഥാന മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകളുടേയോ കൺവൻഷനുകളുടേയോ രൂപത്തിൽ അന്താരാഷ്ട്രതൊഴിൽ മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നത് അന്താരാഷ്ട്ര തൊഴിൽ സംഘടനയാണ്.

തൊഴിൽ സമയം ക്രമീകരിക്കൽ, തങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ടുണ്ടാവുന്ന അസുഖങ്ങൾ, അപകടം എന്നിവയിൽ നിന്നുള്ള സംരക്ഷണം, ശിശുസംരക്ഷണം, വാർദ്ധക്യകാലത്തും അപകടത്തിലുമുള്ള സംരക്ഷണം, സ്വന്തം രാജ്യത്തിന് പുറത്ത് ജോലിചെയ്യുന്ന തൊഴിലാളികളുടെ താല്പര്യസംരക്ഷണം, തൊഴിലാളികൾക്കുള്ള സാമൂഹ്യസുരക്ഷ ഉറപ്പാക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും മറ്റുമാർഗ്ഗങ്ങൾക്കൊപ്പം അന്താരാഷ്ട്രതൊഴിൽ സംഘടന നടത്തിവരുന്നു.

താഴെ കാണിച്ചിട്ടുള്ള മേഖലകളിൽ അന്താരാഷ്ട്രതൊഴിൽ സംഘടന സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു.

* തൊഴിൽപരമായ പരിശീലനവും പുനരധിവാസവും
* തൊഴിൽ നയങ്ങൾ
* തൊഴിൽ ഭരണ നിർവ്വഹണം

* തൊഴിൽ നിയമങ്ങളും വ്യാവസായിക ബന്ധങ്ങളും
* സേവനവ്യവസ്ഥകൾ
* ഭരണനിർവ്വഹണ വികസനം
* സഹകരണ സംഘങ്ങൾ
* സാമൂഹ്യസുരക്ഷ
* തൊഴിൽ സ്ഥിതിവിവര കണക്കുകൾ
* തൊഴിൽ പരമായ സുരക്ഷയും ആരോഗ്യവും

തൊഴിലാളികളുടേയും തൊഴിൽദായകസംഘടനകളുടേയും വികസനവും അത്തരം സംഘടനകൾക്ക് പരിശീലനവും മാർഗ്ഗനിർദ്ദേശസേവനങ്ങളും പ്രോത്സാഹനവും അന്താരാഷ്ട്രതൊഴിൽ സംഘടന നൽകിവരുന്നു. സർക്കാരുകൾക്കും, തൊഴിലാളികൾക്കും, തൊഴിൽദായകർക്കും തുല്യഭരണപങ്കാളിത്തമുള്ള ഒരു പ്രത്യേക ത്രികക്ഷിഘടനയാണ് ഐക്യരാഷ്ട്രസംഘടനാ സംവിധാനത്തിലുള്ള അന്താരാഷ്ട്രതൊഴിൽ സംഘടനയ്ക്കുള്ളത്.

### അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ ഘടനയെന്ത്?

അന്താരാഷ്ട്രതൊഴിൽ സംഘടനയ്ക്ക് അന്താരാഷ്ട്രതൊഴിൽ കോൺഫെറൻസ്, ഭരണസമിതി ഒരു അന്താരാഷ്ട്രതൊഴിൽ ആഫീസ് എന്നിവയാണുള്ളത്. “അന്താരാഷ്ട്ര തൊഴിൽ പാർലമെന്റ്” എന്ന് അറിയപ്പെടുന്ന അന്താരാഷ്ട്രതൊഴിൽ കോൺഫെറൻസ് എല്ലാവർഷവും ജൂൺമാസത്തിൽ ജനീവയിൽ ചേരുന്നു. ഓരോ അംഗരാഷ്ട്രത്തിനും രണ്ട് സർക്കാർ പ്രതിനിധികളേയും ഓരോ തൊഴിലാളി/തൊഴിൽ ദായകരുടെ പ്രതിനിധികളേയും സമ്മേളനത്തിന് അയയ്ക്കാവുന്നതാണ്. അന്താരാഷ്ട്രതൊഴിൽ കോൺഫെറൻസിൽ വച്ചാണ് അന്താരാഷ്ട്രതൊഴിൽ മാനദണ്ഡങ്ങൾക്ക് രൂപം നൽകി അംഗീകരിക്കുന്നത്. ദേശീയതലത്തിൽ ശുപാർശകളുടേയും കൺവെൻഷനുകളുടേയും നടത്തിപ്പ് അന്താരാഷ്ട്രതൊഴിൽ കോൺഫെറൻസ് വിലയിരുത്തും. അന്താരാഷ്ട്രതൊഴിൽ കോൺഫെറൻസിനുള്ള അജണ്ട നിർണ്ണയിക്കുന്നത് ഭരണസമിതിയായിരിക്കും. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ഭരണനിർവ്വഹണ സമിതിയും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള ഉന്നതാധികാരസമിതിയുമാണ് ഈ പൊതുസഭ. അന്താരാഷ്ട്രതൊഴിൽ മാനദണ്ഡങ്ങളുടെ നടത്തിപ്പിന് ഭരണസമിതി മേൽനോട്ടം വഹിക്കും. അത് വർഷത്തിൽ മൂന്നുതവണ ചേരുകയും അന്താരാഷ്ട്രതൊഴിൽ

DRAFT

സംഘടനാ നയങ്ങളിൻമേൽ തീരുമാനമെടുക്കുകയും അതിന്റെ നയപരിപാടികളും ബഡ്ജറ്റും തയ്യാറാക്കി അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ അനുമതിക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്യുന്നു. അത് ഡയറക്ടർ ജനറലിനെ തെരഞ്ഞെടുക്കുന്നു. സർക്കാരിനെ പ്രതിനിധീകരിക്കുന്ന 28 അംഗങ്ങളും തൊഴിലാളികളേയും തൊഴിൽ ദായകരേയും പ്രതിനിധീകരിക്കുന്ന 14 വീതം അംഗങ്ങളും ഉൾപ്പെടെ 56 അംഗങ്ങളാണ് ഭരണസമിതിയിൽ ഉൾപ്പെടുന്നത്. ഇവയിൽ സർക്കാരുകളെ പ്രതിനിധീകരിക്കുന്ന പത്തുപേരെ വികസ്വരരാജ്യങ്ങളിലെ മുഖ്യവ്യാവസായികരാജ്യങ്ങളായ ഇന്ത്യ, ബ്രസീൽ, ചൈന എന്നിവർ നിയോഗിക്കുന്നു. സർക്കാർ, തൊഴിലാളി വിഭാഗം, തൊഴിൽദായകവിഭാഗം എന്നിവരടങ്ങുന്ന ത്രികക്ഷി ഘടനതന്നെ അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ തുല്യപ്രാതിനിദ്ധ്യസ്വഭാവത്തെ വെളിവാക്കുന്ന ഒന്നാണ്.

അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ സ്ഥിരം സചിവാലയമാണ് അന്താരാഷ്ട്രതൊഴിൽ ആഫീസ്. പുതുക്കാവുന്ന 5 വർഷത്തെ കാലാവധിക്ക് തെരഞ്ഞെടുക്കുന്ന ഡയറക്ടർ ജനറലിന്റെ നേതൃത്വത്തിൽ ഭരണസമിതിയുടെ പരിശോധനകൾക്ക് വിധേയമായി തയ്യാറാക്കുന്ന എല്ലാ അന്താരാഷ്ട്രതൊഴിൽ സംഘടനാപ്രവർത്തനങ്ങളുടേയും കേന്ദ്രബിന്ദുവാണ് ഈ ഓഫീസ്. ജനീവയിലുള്ള മുഖ്യആസ്ഥാനത്തും ലോകമൊട്ടുക്കുള്ള 40 ഉപകേന്ദ്രങ്ങളിലുമായി 110 രാജ്യങ്ങളിൽ നിന്നുള്ള 1900 ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

## അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ ത്രികക്ഷി ഘടനയെന്ത്?

സർക്കാർ, തൊഴിലാളി, തൊഴിലുടമാ പ്രതിനിധികൾ എന്നിവർക്ക് തുല്യപ്രാധാന്യം നല്കിക്കൊണ്ട് അതിന്റെ പ്രവർത്തനങ്ങൾക്കും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും സഹായകരമായൊരു ത്രികക്ഷി സംവിധാനമാണ് അന്താരാഷ്ട്രതൊഴിൽ സംഘടനയ്ക്കുള്ളത്. അംഗരാജ്യ സർക്കാരുകളെയും തൊഴിലാളികളുടേയും തൊഴിൽ ദായകരുടേയും സംഘടനകളെയുമാണ്. അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ ത്രികക്ഷി ഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ ഭരണഘടന അനുശാസിക്കും പ്രകാരം ഓരോ അംഗരാജ്യവും 2 സർക്കാർ പ്രതിനിധികളും, തൊഴിലാളികളുടേയും തൊഴിൽ ദായകസംഘടനകളുടെ ഓരോ പ്രതിനിധിയെവീതവും അവരവരുടെ ഉപദേശാംഗങ്ങളും അടങ്ങുന്ന ഒരു ത്രികക്ഷി പ്രതിനിധി സംഘത്തെയാണ്

DRAFT

അന്താരാഷ്ട്രതൊഴിൽ കോൺഫെറൻസിൽ പങ്കെടുക്കുന്നതിനുവേണ്ടി നിയോഗിക്കേണ്ടത്. ദേശീയതലത്തിൽ പ്രാതിനിധ്യമുള്ള തൊഴിലാളി സംഘടനകളുമായും തൊഴിൽ ദായകസംഘടനകളുമായി ചർച്ചചെയ്തായിരിക്കണം തൊഴിലാളികളുടെയും തൊഴിൽ ദായകരുടെയും പ്രിതിനിധികളെ തെരഞ്ഞെടുക്കേണ്ടത്. ഇതിന്മേൽ ബന്ധപ്പെട്ട ദേശീയ സർക്കാരുകളാണ് അന്തിമതീരുമാനം കൈക്കൊള്ളേണ്ടത്.

## തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തുപായമാണ് അന്താരാഷ്ട്രതൊഴിൽ സംഘടനയ്ക്കുള്ളത്.?

തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അന്താരാഷ്ട്രതൊഴിൽ സംഘടന സ്വീകരിക്കുന്ന ഉപായങ്ങൾ അന്താരാഷ്ട്രതൊഴിൽ കൗൺസിൽ അംഗീകരിച്ച ശുപാർശകളോ കൺവൻഷനുകളോ ആണ്. അവർ ലോകവ്യാപകമായി അംഗീകരിച്ച സാമൂഹ്യനയത്തിന്റെ ലക്ഷ്യങ്ങളും തത്വങ്ങളും തൊഴിലുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളും അന്താരാഷ്ട്ര മാനദണ്ഡവും പ്രോത്സാഹിപ്പിക്കുന്നു. അന്താരാഷ്ട്രതൊഴിൽ സംഘടനയിലെ അംഗരാജ്യങ്ങളുടെ അംഗീകാരത്തിനു വിധേയമായി അന്താരാഷ്ട്രതൊഴിൽ സംഘടന കൺവൻഷനുകൾ അന്താരാഷ്ട്രകരാറാണ്. ശുപാർശകൾ മിക്കപ്പോഴും കൺവൻഷന്റെ അതേ വിഷയങ്ങൾ തന്നെയാണ് കൈകാര്യം ചെയ്യുന്നതെങ്കിലും അവ ദേശീയനയത്തിലേക്കുള്ള മാർഗ്ഗദർശകങ്ങൾ മാത്രമായിരിക്കും അതല്ലാതെ നിർബന്ധിത കരണങ്ങളായിരിക്കുകയില്ല. ഇവ രണ്ടും ലോകത്താകമാനം തൊഴിൽ സാഹചര്യങ്ങളിലും പ്രവർത്തനങ്ങളിലും സമാധാനപരമായ സ്വാധീനം ചെലുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.

## ഒരു കൺവൻഷനോ ശുപാർശയോ അന്താരാഷ്ട്രതൊഴിൽ സംഘടന അംഗീകരിക്കുന്നതെങ്ങനെ?

ഒരു കൺവൻഷനോ ശുപാർശയോ അംഗീകരിക്കുന്നതിനുമുമ്പ് അന്താരാഷ്ട്രതൊഴിൽ കോൺഫറൻസ് അംഗരാജ്യങ്ങളുമായി വേണ്ടത്രചർച്ചനടത്തിയും സാങ്കേതികവശങ്ങൾ പൂർണ്ണമായും പരിഗണിച്ചും നിയമനിർമ്മാണം നടത്തുന്നു. ഏതൊരു വിഷയവും പരിഗണിക്കുന്നതിനും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും അന്താരാഷ്ട്രതൊഴിൽ

DRAFT

കോൺഫറൻസിനു കമ്മറ്റികളെ നിയോഗിക്കാം. റിപ്പോർട്ടുലഭിക്കുമ്പോൾത്തന്നെ നിർദ്ദേശിക്കപ്പെട്ട കൺവൻഷനോ ശുപാർശയോ അംഗീകാരത്തിനായി പരിഗണിക്കുകയും തുടർന്ന് അവയുടെ അന്തിമരൂപം തയ്യാറാക്കുന്നതിനുവേണ്ടി ഡ്രാഫ്റ്റിംഗ് കമ്മറ്റിക്കു അയക്കുന്നു. അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ ഭരണഘടനയുടെ 19-ാം വകുപ്പു അനുശാസിക്കും പ്രകാരം അത് വോട്ടിനിടുന്നു. കൺവൻഷൻ അല്ലെങ്കിൽ ശുപാർശ അംഗീകരിക്കുന്നതിനുവേണ്ടി അന്താരാഷ്ട്രതൊഴിൽ കോൺഫറൻസിന്റെ ഹാജരുള്ള അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷം ആവശ്യമാണ്.

കൺവൻഷനുകൾ സർക്കാരുകളുടെ അംഗീകാരത്തിന് വിധേയമാണ്. കൺവൻഷൻ അംഗീകരിച്ച് അതിൽ ഭാഗഭാക്കായ ഓരോ അംഗരാജ്യവും ഇപ്രകാരം അംഗീകരിച്ച കൺവൻഷന്റെ വ്യവസ്ഥകൾ ദേശീയനിയമനിർമ്മാണമായി പ്രാബല്യത്തിൽ വരുത്താൻ സ്വീകരിച്ച നടപടികൾ സംബന്ധിക്കുന്ന ഒരു വാർഷിക റിപ്പോർട്ടു അന്താരാഷ്ട്രതൊഴിൽ സംഘടനാ ആഫീസിനു സമർപ്പിക്കേണ്ടതുണ്ട്. അതുപോലെ തങ്ങൾ അംഗീകാരം നല്കിയിട്ടില്ലാത്ത കൺവെൻഷൻ സംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ടു ചെയ്യാൻ അംഗരാജ്യങ്ങൾ ബാദ്ധ്യസ്ഥരായിരിക്കും.

എന്നാൽ സർക്കാരുകളെ സംബന്ധിച്ചിടത്തോളം ശുപാർശകൾക്കു നിയമബാദ്ധ്യതയോ ധാർമ്മിക ബാദ്ധ്യതയോ ഇല്ല. എന്നാൽ അവ സർക്കാരുകളുടെ സാമൂഹ്യ നയരൂപീകരണത്തിനുള്ള മാർഗ്ഗദർശകങ്ങളായിരിക്കും എന്ന് മാത്രമാണ് ഉദ്ദേശിക്കുന്നത്.

DRAFT

DRAFT

# അന്താരാഷ്ട്രതൊഴിൽ സംഘടനയും മത്സ്യമേഖലയും

ചിത്രം – 4

## മത്സ്യബന്ധനവുമായി ബന്ധപ്പെട്ട കൺവൻഷനുകൾ

DRAFT

## മത്സ്യബന്ധന മേഖലയിൽ അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ ഇടപെടൽ എന്താണ്?

മത്സ്യമേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ താല്പര്യം 1920 മുതല്ക്കുള്ളതാണ്. അന്നാണ് ഇറ്റലിയിലെ ജനീവയിൽ സംഘടിപ്പിച്ച അന്താരാഷ്ട്രതൊഴിൽ കോൺഫറൻസിന്റെ രണ്ടാം സമ്മേളനത്തിൽ വച്ച് മത്സ്യവ്യവസായ മേഖലയിൽ തൊഴിൽ സമയം പരിമിതപ്പെടുത്തുന്നതു സംബന്ധിച്ച ശുപാർശ അംഗീകരിച്ചത്. ദിവസം 8 മണിക്കൂർ ജോലി അല്ലെങ്കിൽ ആഴ്ചയിൽ 48 മണിക്കൂർ എന്ന മാനദണ്ഡം, ലക്ഷ്യമാക്കി നിർദ്ദേശം മുന്നോട്ട് വച്ചെങ്കിലും അവ ഇന്നും സാധിതമായിട്ടില്ല.

ഏകദേശം 40 വർഷത്തിനു ശേഷം കുറഞ്ഞപ്രായപരിധി (മത്സ്യത്തൊഴിലാളി) കൺവൻഷൻ 1959 (ന.112), വൈദ്യപരിശോധന (മത്സ്യത്തൊഴിലാളി) കൺവൻഷൻ 1950 (ന.113), മത്സ്യതൊഴിലാളികരാർ കൺവെൻഷൻ 1959 (ന.114) എന്നീ മത്സ്യത്തൊഴിലാളിമേഖലയുമായി ബന്ധപ്പെട്ട മൂന്നു കൺവെൻഷനുകൾ അന്താരാഷ്ട്രതൊഴിൽ കോൺഫറൻസ് അംഗീകരിച്ചു.

15 വയസ്സിന് താഴെയുള്ള കുട്ടികളെ മത്സ്യബന്ധനയാനങ്ങളിൽ പണിയെടുപ്പിക്കുന്നത് 112 -ാം നമ്പർ കൺവൻഷൻ (വാണിജ്യാടിസ്ഥിത കടൽ മത്സ്യബന്ധനയാനങ്ങൾക്ക് ബാധകമായത്) പ്രകാരം നിരോധിച്ചിട്ടുണ്ട്. എന്നാൽ ആരോഗ്യവും ശാരീരികക്ഷമതയും അനുവദിക്കുന്നുവെങ്കിൽ 14 വയസ്സിൽ കുറയാതെ പ്രായമുള്ള കുട്ടികളെയും ജോലിക്ക് നിയോഗിക്കാവുന്നതാണ്.

3 ദിവസത്തിൽ കൂടുതൽ കടലിൽ തങ്ങാതെ മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ 113-ാം നമ്പർ കൺവൻഷൻ (ഇതും വാണിജ്യാടിസ്ഥിത കടൽ മത്സ്യബന്ധനയാനങ്ങൾക്ക് ബാധകമായത്) ഈ വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. താൻ നിയോഗിക്കപ്പെട്ട ജോലിക്ക് അനുയോജ്യനാണ് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഒരു സർട്ടിഫിക്കറ്റ് മത്സ്യത്തൊഴിലാളി കൈവശം സൂക്ഷിക്കേണ്ടതാണ്.

DRAFT

തൊഴിലുടമ, തൊഴിലാളി പ്രതിനിധികൾ എന്നിവരുമായി കൂടിയാലോചിച്ച് ചിലയിനം മത്സ്യബന്ധനയാനങ്ങളെ ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥ 114 -ാം നമ്പർ കൺവൻഷൻ പ്രകാരം (ഇതും വാണിജ്യാടിസ്ഥിത കടൽ മത്സ്യബന്ധനയാനങ്ങൾക്ക് ബാധകമായത്) ഉൾപ്പെടുത്തിയിരിക്കുന്നു. ദേശീയ നിയമങ്ങൾക്കു വിധേയമായി മത്സ്യബന്ധനയാന ഉടമയും തൊഴിലാളിയും തമ്മിൽ ഒരു നിശ്ചിത കാലത്തേക്കോ, ഏതെങ്കിലും ഒരു മത്സ്യബന്ധനയാത്രക്കോ, സമയപരിധിയില്ലാതെയോ ഒരു കരാർ ഒപ്പുവയ്ക്കേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികൾക്കു മത്സ്യബന്ധനകാലയളവിൽ നല്കേണ്ട ഭക്ഷണപദാർത്ഥങ്ങളുടെ അളവ്, വേതനനിരക്ക്, കരാർറദ്ദാക്കൽനിബന്ധന എന്നിവയുമായി ബന്ധപ്പെട്ടതാണ് ഈ വകുപ്പുകൾ.

മത്സ്യമേഖലാ കൺവൻഷൻ 2007 നു മുൻപ് 1966 കൺവൻഷൻ അവസാന ചില കാര്യങ്ങൾ അംഗീകരിച്ചിരുന്നു. മത്സ്യത്തൊഴിലാളികളുടെ കോമ്പിറ്റൻസി സാക്ഷിപത്രകൺവൻഷൻ 1966 ലെ നമ്പർ (125), തൊഴിലാളികളുടെ താമസസൗകര്യ കൺവൻഷൻ 1966 (ന.126) എന്നിവയായിരുന്നു അവ. രണ്ടുകരണങ്ങളും, മറ്റുപലതിനുമൊപ്പം തീരത്തോടുചേർന്നുമാത്രം മത്സ്യബന്ധന-ത്തിലേർപ്പെടുവാൻ കഴിയുന്ന യാനങ്ങളെയും 25 ടൺ കേവുഭാരത്തിൽ കുറഞ്ഞവയേയും ഒഴിവാക്കിയിരുന്നു. തുടർന്നുള്ള കൺവൻഷനും 13.7 മീറ്ററിൽ കുറഞ്ഞനീളമുള്ള മത്സ്യബന്ധനയാനങ്ങളെ ഒഴിവാക്കിയിരുന്നു. ഈ രണ്ടു കൺവൻഷനുകളും പ്രധാനമായും ബാധകമാക്കിയിരുന്നത് വ്യാവസായികാ-ടിസ്ഥാനത്തിലുള്ള മത്സ്യബന്ധനത്തെയായിരുന്നു.

1966 ലെ 125-ാം കൺവൻഷൻ പ്രകാരം മത്സ്യബന്ധനയാനങ്ങളിൽ സ്കിപ്പർ, മേറ്റ്, എഞ്ചിനീയർ എന്നീ തസ്തികകളുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാൻ നിയോഗിക്കപ്പെടുന്ന വ്യക്തി/വ്യക്തികളുടെ, കോമ്പിറ്റൻസി സാക്ഷ്യപത്രങ്ങൾക്കു വേണ്ടിവരുന്ന, വിദ്യാഭ്യാസമാനദണ്ഡങ്ങൾ നിർണ്ണയിക്കുവാൻ, കൺവൻഷൻ അംഗീകരിച്ച അംഗരാജ്യങ്ങൾ ബാദ്ധ്യസ്ഥരാണ്. എന്നാൽ 126 -ാം നമ്പർ കൺവൻഷൻ പ്രകാരം വേണ്ടത് കർമ്മിസമൂഹത്തിന് ആവശ്യമായ താമസസൗകര്യം ഉറപ്പാക്കുക എന്നതാണ്.

1966 ലെ 126 -ാം നമ്പർ ശുപാർശ ഊന്നൽ നൽകിയിരിക്കുന്നത് കടൽമത്സ്യബന്ധനയാനം ഓടിക്കൽ, മത്സ്യബന്ധനം, അറ്റകുറ്റപ്പണികൾ, സുരക്ഷ എന്നീ മേഖലകളിലുള്ള പൊതുവായ പരിശീലനത്തിനാണ്.

DRAFT

മറ്റുചില കടൽ മത്സ്യബന്ധനകൺവൻഷനുകളിലും വാണിജ്യാടിസ്ഥാനത്തിലുള്ള സമുദ്രജലമത്സ്യബന്ധനത്തിന് ബാധകമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ കപ്പലുടമാബാദ്ധ്യത (നാവികനുണ്ടാകാവുന്ന അസുഖവും അപകടവും) കൺവൻഷൻ 1936 (ന.55) തീരദേശമത്സ്യബന്ധനയാനങ്ങൾക്കൊഴികെയുള്ള യാനങ്ങൾക്കും ബാധകമാണ്. അതുപോലെ 1987 ലെ നാവികക്ഷേമകൺവൻഷൻ (ന.163), ആരോഗ്യ സുരക്ഷയും വൈദ്യസഹായവും (നാവികൻ) കൺവൻഷൻ (ന.164), 1987 ലെ സാമൂഹ്യ സുരക്ഷ (നാവിക) കൺവൻഷൻ (പരിഷ്കരിച്ച) (ന.165), 1987 ലെ നാവികരുടെ സ്വദേശത്തേക്കുള്ള മടക്കം കൺവൻഷൻ (പരിഷ്കരിച്ച) (ന.178), 1996 ലെ നാവിക നിയമവും തൊഴിൽ തേടലും കൺവൻഷൻ (ന.179) 1996 ലെ നാവികരുടെ തൊഴിൽ സമയവും കപ്പലിലെ അവരുടെ നിയോഗവും കൺവൻഷൻ (ന.180) എന്നിവയും വ്യാവസായികാടിസ്ഥാനത്തിലുള്ള മത്സ്യബന്ധനത്തിലും ബാധകമാക്കാവുന്നതാണ്.

## മത്സ്യബന്ധനരംഗത്ത് പുതിയ തൊഴിൽ മാനദണ്ഡം വികസിപ്പിച്ചെടുക്കുന്നതിന് അന്താരാഷ്ട്രതൊഴിൽ സംഘടന എന്താണ് ചെയ്തത്.?

2002 മാർച്ചിൽ കൂടിയ അന്താരാഷ്ട്രതൊഴിൽ സംഘടന ഭരണസമിതിയുടെ 283-ാമതു സമ്മേളനത്തിൽ മത്സ്യമേഖലയിലെ തൊഴിൽ സംബന്ധിച്ച സംക്ഷിപ്തമാനദണ്ഡം - ഒരു ശുപാർശയുടെ അടിസ്ഥാനത്തിലുള്ള കൺവൻഷൻ - അന്താരാഷ്ട്രതൊഴിൽ കോൺഫറൻസിന്റെ അജണ്ടയിൽ ഉൾപ്പെടുത്തി. ഈ പുതിയ മാനദണ്ഡം 1966 ലെ മത്സ്യത്തൊഴിലാളി കോമ്പിറ്റൻസി സാക്ഷ്യപത്രകൺവൻഷൻ ഒഴികെ നിലവിലുണ്ടായിരുന്ന ഏഴിൽ 6 ഉം പരിഷ്കരിക്കുന്നതിനുവേണ്ടിയായിരുന്നു. മത്സ്യബന്ധനയാനങ്ങളിൽ ജോലി ചെയ്യുന്നവരുടെ തൊഴിലുമായി ബന്ധപ്പെട്ട സുരക്ഷ, ആരോഗ്യം, സാമൂഹ്യസുരക്ഷ എന്നീ പുതിയ പ്രശ്നങ്ങളും ഏറ്റെടുത്തു. 2007 ലെ മത്സ്യമേഖലയ്ക്കുള്ള അന്താരാഷ്ട്രതൊഴിൽ കോൺഫറൻസിന്റെ കമ്മറ്റിയിലെ ചില അംഗങ്ങളും തൊഴിൽ ദായകരുടെ വിഭാഗവും കൺവൻഷന്റെ പൂർണ്ണരൂപത്തിനു നിർദ്ദേശിച്ച ചില ഭേദഗതികൾ ഉൾപ്പെടുത്തി. 2004 ലെയും 2005 ലെയും തുടർച്ചയായ രണ്ടു കൺവൻഷന്റെയും ശുപാർശയുടെ പൂർണ്ണരൂപം ചർച്ചയ്ക്കുവിധേയമാക്കിയും 2007 ലെ മത്സ്യമേഖലയിലെ തൊഴിൽ ശുപാർശയ്ക്കനുബന്ധമായി (ആർ.199) 2007 ലെ മത്സ്യമേഖലയിലെ തൊഴിൽ കൺവൻഷൻ (സി.188) 2007 ജൂണിൽ ജനീവയിൽ കൂടിയ അന്താരാഷ്ട്രതൊഴിൽ കോൺഫറൻസിന്റെ 96 -ാം സമ്മേളനം അംഗീകരിച്ചു.

DRAFT

അന്താരാഷ്ട്രതൊഴിൽ സംഘടനയിൽ രജിസ്റ്റർ ചെയ്ത 8 തീരദേശരാജ്യങ്ങളുൾപ്പെടെയുള്ള 10 അംഗങ്ങൾ അംഗീകരിച്ച തീയതിക്കുശേഷം 12 മാസങ്ങൾക്കകം മത്സ്യബന്ധനമേഖലയിലെ തൊഴിൽ കൺവൻഷൻ 2007 പ്രാബല്യത്തിൽ വരും.

DRAFT

മത്സ്യബന്ധനമേഖലയിലെ തൊഴിൽ കൺവൻഷൻ, 2007

DRAFT

ചിത്രം F 5

(1) ആഴക്കടൽ മത്സ്യത്തൊഴിലാളി

(2) ദൂരക്കടൽ യാനം

(3) WFC  '07

DRAFT

## മത്സ്യബന്ധമേഖലയിലെ തൊഴിൽ കൺവൻഷൻ 2007 ന്റെ പ്രത്യേക പ്രാധാന്യമെന്ത്?

അന്താരാഷ്ട്രതൊഴിൽ സംഘടന രൂപം നല്കിയ തൊഴിൽ മാനദണ്ഡം പ്രാബല്യത്തിൽ വന്നിട്ടു 40 വർഷങ്ങളായെങ്കിലും, കഴിഞ്ഞ കൺവൻഷന്റെ പ്രാമാണീകരണ നിലവാരം വളരെതാഴെയാണ്. കൂടാതെ മുൻകരണങ്ങൾ കാലാനുസൃതമല്ലാത്തതും മാറിവരുന്ന ഇന്നത്തെ മത്സ്യബന്ധന രീതികൾ പ്രതിഫലിച്ചിട്ടില്ലാത്തതുമാണ്. മാരിടൈം തൊഴിൽ കൺവൻഷൻ, 2006 അംഗീകരിച്ചതോടെ മത്സ്യബന്ധനത്തിനു കൂടി ബാധകമാക്കിയിരുന്ന മാരിടൈം കൺവൻഷന്റെ പരിധിയിൽനിന്നു കടൽ മത്സ്യബന്ധനയാനങ്ങളെ ഒഴിവാക്കി ഭേദഗതിവരുത്തിയപ്പോൾ അതിന്റെ പ്രസക്തി നഷ്ടപ്പെട്ടു. മത്സ്യബന്ധന മേഖലയിലെ തൊഴിൽ കൺവൻഷൻ, 2007 തൊഴിൽ മാനദണ്ഡം ഭേദഗതി ചെയ്യുകയും മാരിടൈം തൊഴിൽ കൺവൻഷൻ 2006 ന്റെ പരിധിയിൽ നിന്നും മത്സ്യബന്ധന യാനങ്ങളെ ഒഴിവാക്കിയതുമൂലമുണ്ടായ കുറവ് പരിഹരിച്ച് കഴിഞ്ഞ നാലു ദശകങ്ങളായി മത്സ്യബന്ധന മേഖലയിലുണ്ടായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് മാരിടൈം കൺവൻഷന്റെ പ്രസക്തഭാഗങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്തു.

ഇന്നത്തെ കച്ചവട - വാണിജ്യ ആഗോളവത്കരണത്തിന്റെ വെളിച്ചത്തിൽ മിക്ക വികസ്വരരാജ്യങ്ങളിൽ നിന്നുമുള്ള മത്സ്യബന്ധനയാനങ്ങൾ തങ്ങളുടെ അധികാരപരിധിയിൽ വരുന്ന കടൽപ്രദേശം കൂടാതെ ആഴക്കടലിലും മറ്റുരാജ്യങ്ങളുടെ അധികാരപരിധിയിൽവരുന്ന കടലിലും മത്സ്യബന്ധനം നടത്തിവരുന്നു. വ്യവസായ വത്കൃതരാജ്യങ്ങളുടെ മത്സ്യബന്ധനയാനങ്ങളിൽ തൊഴിലെടുക്കുന്ന വികസ്വരരാജ്യങ്ങളിലെ മത്സ്യതൊഴിലാളികളുടെ എണ്ണം അഭൂതപൂർവ്വമായി ഉയർന്നുവരുന്നതായി കാണാം. ഈ സാഹചര്യത്തിൽ മത്സ്യബന്ധനമേഖലയിലെ തൊഴിൽ കൺവൻഷൻ, 2007 മറ്റ് തൊഴിലാളികളെ അപേക്ഷിച്ച് അപകടസാദ്ധ്യത കൂടുതലുള്ളതിനാൽ മത്സ്യബന്ധനയാനങ്ങളിലെ ജീവിത-തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായതിനാലും മത്സ്യബന്ധനരംഗത്ത് അർത്ഥവത്തായ ഇടപെടലുകൾ നടത്തുന്നതിനും ഏറെ പ്രയോജനകരമായൊരു ഉപാധിയാണ്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും അന്താരാഷ്ട്രതൊഴിൽ സംഘടനാകരണത്തിന്റെ ചരിത്രത്തിലാദ്യമായി, വിനോദത്തിനും ഉപജീവനത്തിനും മാത്രമുള്ള മത്സ്യബന്ധനമൊഴികെ നദികൾ, തടാകങ്ങൾ, കനാലുകൾ എന്നിവയിലേതുമുൾപ്പെടെയുമുള്ള മത്സ്യബന്ധനപ്രവർത്തനങ്ങളിലേക്കു കൂടി 2007 ലെ മത്സ്യമേഖലയിലെ തൊഴിൽ കൺവൻഷന്റെ വ്യാപ്തി വർദ്ധിപ്പിച്ചു.

DRAFT

പ്രധാനമായും ഇതാണ് ചെറുകിട മത്സ്യബന്ധനമുൾപ്പെടെയുള്ള ഉൾനാടൻ, സമുദ്ര മത്സ്യബന്ധനപ്രവർത്തനങ്ങളെ അതിന്റെ പരിധിയിൽ കൊണ്ടുവന്ന ആദ്യ അന്താരാഷ്ട്രതൊഴിൽ സംഘടനാകരണം. തുറന്നതോ ഡെക്കുള്ളതോ ആയ ചെറുകിട-വൻകിട മത്സ്യബന്ധനയാനങ്ങൾക്കും അവയിൽ തൊഴിലെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്കും ഈ കൺവൻഷൻ ബാധകമാണ്.

## മത്സ്യബന്ധന മേഖലയിലെ തൊഴിൽ കൺവൻഷൻ,2007 പ്രകാരം പ്രധാനമായും ചെയ്യേണ്ടകാര്യങ്ങൾ ഏതെല്ലാം.?

മത്സ്യബന്ധന മേഖലയിലെ തൊഴിൽ കൺവൻഷൻ, 2007 അംഗീകരിക്കുന്ന രാജ്യങ്ങൾ, മത്സ്യബന്ധനയാനങ്ങളുടെ സുരക്ഷിത യാത്രയും പ്രവർത്തനങ്ങളും കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് അവശ്യം വേണ്ട കാര്യങ്ങൾ വ്യക്തമാക്കേണ്ടതാണ്. മത്സ്യബന്ധനയാനങ്ങളിലെ ജോലികൾക്കായി വേണ്ടിവരുന്നവരുടെ എണ്ണം സംബന്ധിച്ച മാനദണ്ഡം അന്താരാഷ്ട്രതൊഴിൽ സംഘടനാരാജ്യങ്ങൾ വികസിപ്പിച്ചെടുക്കേണ്ടതാണ്.

മത്സ്യബന്ധനയാനങ്ങളിൽ തൊഴിൽ ചെയ്യുന്നതിന് അവശ്യം വേണ്ട കാര്യങ്ങൾ:

* മത്സ്യബന്ധനയാനങ്ങളിൽ, യുവാക്കളുടെ ആരോഗ്യമോ, ആത്മവീര്യമോ, സുരക്ഷയോ അപകടകരമാകാത്തവിധം ജോലിക്ക് നിയോഗിക്കപ്പെടുവാൻ ആവശ്യമായ ഏറ്റവും കുറഞ്ഞ പ്രായപരിധി.
* തൊഴിലാളികൾ മത്സ്യബന്ധനയാനങ്ങളിൽ തങ്ങളുടെ കൃത്യനിർവ്വഹണത്തിന് പ്രാപ്തരാണോയെന്ന് ഉറപ്പാക്കുന്നതിനുള്ള വൈദ്യപരിശോധന.

<u>സേവനനിബന്ധനകൾ</u>

* മത്സ്യബന്ധനയാനത്തിന്റെ യാത്രാസുരക്ഷയും പ്രവർത്തനങ്ങളും ഉറപ്പുവരുത്തുന്നതിന് ആവശ്യം വേണ്ട മനുഷ്യശക്തി.
* യാനങ്ങളിലായിരിക്കുമ്പോൾ തൊഴിലാളികൾക്ക് അവരുടെ സുരക്ഷയും ആരോഗ്യവും സംരക്ഷിക്കുന്നതിനാവശ്യമായ വിശ്രമസൗകര്യങ്ങൾ.
* യാനങ്ങളിൽ ജോലി ചെയ്യുന്നവരുടെ ഒരു പട്ടിക സൂക്ഷിക്കുകയും പകർപ്പ് യാത്രയ്ക്ക് മുമ്പ് ബന്ധപ്പെട്ട അധികാരികളെ ഏൽപ്പിക്കുകയും ചെയ്യുക.
* മത്സ്യബന്ധനയാനങ്ങളിലായിരിക്കെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ/ ജീവിതസൗകര്യവും ഉറപ്പാക്കുന്നതിലേക്ക് അവരുടെ തൊഴിൽകരാറും മറ്റുവിവരങ്ങളും തയ്യാറാക്കൽ.

DRAFT

* വിദേശതുറമുഖങ്ങളിൽ നിന്നും സ്വദേശത്തേക്ക് മടങ്ങാനുള്ള അർഹത നൽകൽ.
* മത്സ്യതൊഴിലാളികളെ തെരഞ്ഞെടുക്കലും ജോലിക്ക് നിയോഗിക്കലും.
* തൊഴിലാളികൾക്ക് വേതനം യഥാസമയം നൽകുന്നതിനുള്ള സംവിധാനം.

<u>ആഹാരവും താമസസൗകര്യങ്ങളും.</u>

* ഭക്ഷണം, കുടിവെള്ളം, താമസം എന്നിവ യാനങ്ങളിൽ ഉറപ്പാക്കൽ.

<u>വൈദ്യസഹായം, ആരോഗ്യപരിരക്ഷ, സാമൂഹ്യസുരക്ഷ</u>

* ആരോഗ്യസുരക്ഷ, കരയിലായിരിക്കെ വൈദ്യസഹായത്തിനുള്ള അവകാശം, രോഗമോ ഗുരുതരമായ അപകടങ്ങളോ ഉണ്ടാകുമ്പോൾ യഥാസമയം കരയിലെത്താനുള്ള അവകാശം എന്നിവ.
* വിവിധയിനം വലകൾ ഉപയോഗിക്കുവാനും അവ ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതികളും ഉൾപ്പെടെ അപകടസാദ്ധ്യത വിലയിരുത്തൽ അവ കൈകാര്യം ചെയ്യൽ, തൊഴിൽപരമായ അപകടങ്ങൾ, രോഗങ്ങൾ, യാനങ്ങളിലായിരിക്കുമ്പോഴുണ്ടാകാവുന്ന അപകടസാദ്ധ്യതകൾ എന്നിവ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കുള്ള പരിശീലനം.
* യാനങ്ങളിലായിരിക്കുമ്പോൾ സംഭവിക്കാവുന്ന അപകടങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകലും അന്വേഷണവും.
* മറ്റുള്ള തൊഴിലാളികൾക്ക് ലഭ്യമായതിൽ കുറയാത്ത സംപൂർണ്ണ സാമൂഹ്യസുരക്ഷാസംവിധാനം മത്സ്യത്തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ലഭ്യമാക്കുന്നതും സാമൂഹ്യ സുരക്ഷാവകാശം നിലനിർത്തുന്നതും ഉറപ്പാക്കൽ.
* തൊഴിൽജന്യരോഗങ്ങൾ, അപകടം, മരണം എന്നിവയിൽ നിന്നുള്ള സംരക്ഷണവും മത്സ്യത്തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിലും, വൈദ്യസഹായലഭ്യതയിലും,മത്സ്യബന്ധനയാനഉടമകളുടെ ഉത്തരവാദിത്തിനുള്ള വ്യവസ്ഥ ഉറപ്പാക്കൽ.

<u>നടത്തിപ്പും പാലനവും ഉറപ്പാക്കൽ.</u>

* കൺവൻഷൻ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള സംവിധാനമെന്നനിലയിൽ യാനത്തിന്മേലുള്ള നിയന്ത്രണവും അവയുടെ അധികാരപരിധി നിയന്ത്രിക്കുന്നതിനുള്ള സംവിധാനവും ഏർപ്പാടാക്കുക.

DRAFT

24 മീറ്ററും അതിലും വലിയ യാനങ്ങൾ, മത്സ്യബന്ധനത്തിനായി 7 ദിവസത്തിലധികം കടലിൽ തങ്ങാവുന്ന യാനങ്ങൾ, ഉൾക്കടലിൽ മത്സ്യബന്ധനം നടത്താൻ കഴിയുന്ന യാനങ്ങൾ എന്നിവയ്ക്കു മുകളിൽ കാണിച്ച എല്ലാവ്യവസ്ഥകളും ബാധകമായിരിക്കും. കൺവൻഷന്റെ പരിധിയിൽ നിന്നും ദേശീയ അധികാരികൾ ഒഴിവാക്കിയിട്ടില്ലാത്ത മത്സ്യബന്ധനയാനങ്ങൾക്കും അത്തരം യാനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും മേല്പറഞ്ഞ മിക്കവ്യവസ്ഥകളും ബാധകമായിരിക്കും.

## ഈ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് കൺവൻഷന്റെ പ്രത്യേക ഉപാധികൾ എന്തെല്ലാം.?

മൂന്നു അനുബന്ധങ്ങളും 9 ഭാഗങ്ങളിലുമായി 54 വകുപ്പുകളാണ് കൺവൻഷനുള്ളത്. ഒന്നാം ഭാഗങ്ങളിൽ നിർവ്വചനങ്ങളും (വകുപ്പു 1) വ്യാപ്തി (വകുപ്പുകൾ 2,3,4 & 5) എന്നിവ ഉൾപ്പെടുന്നു. രണ്ടാം ഭാഗത്തിൽ പൊതുതത്വങ്ങളും അതായത് നിർവ്വഹണം (വകുപ്പ് 6) യുക്തമായ അധികാരി, സംഘാടനം (വകുപ്പ് 7) മത്സ്യബന്ധനയാന ഉടമ, സ്കിപ്പർ, മത്സ്യത്തൊഴിലാളി എന്നിവരുടെ ഉത്തരവാദിത്തങ്ങൾ (വകുപ്പ് 8) എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. മൂന്നാം ഭാഗത്തിൽ കുറഞ്ഞ പ്രായപരിധി (വകുപ്പ് 9) വൈദ്യപരിശോധന (വകുപ്പ് 10,11 & 12) എന്നിവയാണ് ചേർത്തിരിക്കുന്നത്.

സേവനവ്യവസ്ഥകളാണ് നാലാം ഭാഗത്തിലുള്ളത്. അഞ്ചാം ഭാഗത്തിലാകട്ടെ താമസസൗകര്യവും ഭക്ഷണവും ( വകുപ്പ് 25 മുതൽ 28 വരെ) ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആറാം ഭാഗത്തിൽ ആരോഗ്യസംരക്ഷണം (വകുപ്പ് 29, 30) തൊഴിൽജന്യഅപകടസുരക്ഷ, ആരോഗ്യം, സുരക്ഷ (വകുപ്പ് 34 മുതൽ 37 വരെ) യും ജോലി സംബന്ധമായ രോഗം, അപകടം, മരണം എന്നിവയിൽ നിന്നുള്ള സംരക്ഷണ (വകുപ്പ് 38,39) വുമാണ് ചേർത്തിരിക്കുന്നത്.

ഏഴാം ഭാഗത്തിൽ നടപ്പിലാക്കലും അംഗീകാരവും (വകുപ്പു 40 മുതൽ 44 വരെ) പെടുന്നു. എട്ടാം ഭാഗത്തിൽ അനുബന്ധം I , അനുബന്ധം II (മത്സ്യത്തൊഴിലാളികളുടെ തൊഴിൽ കരാർ), അനുബന്ധം III (മത്സ്യബന്ധനയാനങ്ങളിലെ താമസസൗകര്യം) എന്നിവയ്ക്കുള്ള ഭേദഗതികളും 9-ാം ഭാഗത്തിൽ അന്തിമവ്യവസ്ഥകളുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

DRAFT

## മത്സ്യബന്ധന മേഖലയിലെ തൊഴിൽ കൺവൻഷൻ, 2007 ന്റെ ഘടന എന്താണ്.?

മത്സ്യമേഖലയിലെ തൊഴിൽ കൺവൻഷൻ 2007 ന് ഒരു ദ്വിതലഘടനയാണുള്ളത്. ഒന്നാംതലത്തിൽ അതിന്, (I) 24 മീറ്ററും അതിൽ കൂടുതലും നീളമുള്ള മത്സ്യബന്ധനയാനങ്ങൾക്കുവേണ്ടിയും (II) മത്സ്യബന്ധനത്തിനായി 7 ദിവസത്തിൽ കൂടുതൽ കടലിൽ തങ്ങാൻ കഴിയുന്നതും അല്ലെങ്കിൽ (III) തീരത്തുനിന്നും 200 നോട്ടിക്കൽ മൈലിനപ്പുറത്തേയ്ക്കു മത്സ്യബന്ധനത്തിനു പോകാൻ കഴിയുന്ന യാനങ്ങൾക്കും അല്ലെങ്കിൽ (IV) കോണ്ടിനന്റൽ ഷെൽഫിനു പുറത്തേക്കു മത്സ്യബന്ധനം നടത്താവുന്ന യാനങ്ങൾ അല്ലെങ്കിൽ (V) അത്തരം യാനങ്ങളിൽ തൊഴിലെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്കും വേണ്ടി നിർദ്ദേശക മാനദണ്ഡമാണ് ഉള്ളത്. മറ്റുതലത്തിൽ അതിന് കൺവൻഷന്റെ പരിധിക്കുള്ളിൽ വരുന്ന മറ്റുതരം യാനങ്ങൾക്കും അതിൽ തൊഴിലെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ലളിതമായ മാനദണ്ഡവുമാണുള്ളത്. കൺവൻഷന്റെ വ്യവസ്ഥകൾ നിയമങ്ങൾ, നിയന്ത്രണങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് അംഗരാജ്യങ്ങൾക്കു സ്വാതന്ത്ര്യമുണ്ടായിരിക്കും. മത്സ്യബന്ധനതൊഴിൽ മാനദണ്ഡത്തിന്റെ പ്രയോജനങ്ങൾ ലഭിക്കേണ്ട ചെറുകിട പരമ്പരാഗത യാനങ്ങളുടെ ഇനം തീരുമാനിച്ചു ശുപാർശ ചെയ്യേണ്ടത് അംഗരാജ്യങ്ങളായിരിക്കും. കൂടാതെ ചില വിഭാഗം യാനങ്ങൾക്കു കൺവൻഷന്റെ വ്യവസ്ഥകൾ ക്രമാനുഗതമായി നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ കൂടിയുണ്ട്.

## ക്രമാനുഗതമായി നടപ്പാക്കുക എന്ന സമീപനം എന്നാലെന്ത്.?

ക്രമാനുഗതമായി നടപ്പിലാക്കുക എന്ന രീതി എന്താണെന്ന് നിർവ്വചിക്കപ്പെട്ടിട്ടില്ലെങ്കിലും അത് അംഗരാജ്യങ്ങൾക്കു ചില പ്രത്യേക വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് കൂടുതൽ സമയം അനുവദിച്ചു നല്കുന്ന സോപാധിക വ്യവസ്ഥയായി മനസ്സിലാക്കാവുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന വിഭാഗത്തിൽപ്പെടുന്ന യാനങ്ങൾക്കു ബാധകമായ വ്യവസ്ഥകൾ ക്രമാനുഗതമായി നടപ്പാക്കുന്നതിന് കൺവൻഷൻ അനുവദിച്ചിട്ടുണ്ട്.

(I) 24 മീറ്ററിൽ കുറഞ്ഞ നീളമുള്ള യാനങ്ങൾ.

(II) 7 ദിവസത്തിലും കുറഞ്ഞ കാലത്തേക്കുമാത്രം മത്സ്യബന്ധന പ്രവർത്തനത്തിലേർപ്പെടാൻ കഴിവുള്ള യാനങ്ങൾ.

(III) ദീർഘദൂരമത്സ്യബന്ധനം നടത്താൻ കഴിവില്ലാത്ത മത്സ്യബന്ധനയാനങ്ങളും അവയിൽ തൊഴിലെടുക്കുന്ന മത്സ്യത്തൊഴിലാളികളും.

DRAFT

ക്രമാനുഗതമായ നടപ്പാക്കൽ എന്ന ഇളവ് ലഭിക്കുന്നതിന്

* 7 ദിവസങ്ങളിൽ കുറഞ്ഞ കാലത്തേക്കു മത്സ്യബന്ധനം നടത്താൻ കഴിയുന്നതും 24 മീറ്ററിൽ കൂടിയതുമായ മത്സ്യബന്ധനയാനങ്ങളിലും മുകളിൽ സൂചിപ്പിച്ച മൂന്നു വിഭാഗങ്ങളിൽപെടുന്നതുമായ യാനങ്ങളിലും തൊഴിലെടുക്കുന്നതിന് പ്രാപ്തരാണെന്നു കാണിക്കുന്ന മെഡിക്കൽ സാക്ഷ്യപത്രം മത്സ്യത്തൊഴിലാളികൾ കൈവശം വയ്ക്കണമെന്നത്.
* മാന്യമായ വേതനവും, താമസ സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ടെന്നു കാണിക്കുന്ന മത്സ്യത്തൊഴിലാളികളും മത്സ്യബന്ധനയാന ഉടമകളും ചേർന്നു തയ്യാറാക്കിയ രേഖാമൂലമുള്ള കരാർപത്രം ഉടമകൾ ഉറപ്പാക്കണമെന്നത്.
* മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെയുള്ള അപകടസാദ്ധ്യത വിലയിരുത്തൽ രേഖകൾ
* വൈദ്യസഹായം തേടുന്നതിനുള്ള അവസരം മത്സ്യബന്ധനയാന ഉടമകളുടെ ഉത്തരവാദിത്വമായിട്ടോ മറ്റേതെങ്കിലും പദ്ധതിയിൽ നിന്നുള്ള തൊഴിലാളി നഷ്ടപരിഹാരം അല്ലെങ്കിൽ നിർബന്ധിത ഇൻഷുറൻസ് എന്നിവ ഏതെങ്കിലും സംവിധാനത്തിലൂടെ തൊഴിൽ ജന്യരോഗങ്ങൾ, അപകടങ്ങൾ എന്നിവയ്ക്കുള്ള നഷ്ടപരിഹാരത്തിലൂടെയുള്ള സംരക്ഷണം അന്താരാഷ്ട്രതൊഴിൽ സംഘടനയിലെ അംഗരാജ്യങ്ങൾ മത്സ്യത്തൊഴിലാളികൾക്കു നല്കുന്ന കാര്യം ഉറപ്പാക്കൽ.

ക്രമാനുഗതമായ നിർവ്വഹണം എന്ന സമീപനം പ്രത്യേകിച്ചും മുകളിൽ സൂചിപ്പിച്ച മൂന്നു വിഭാഗം യാനങ്ങളുടെ ഉടമകൾക്കു പ്രയോജനകരമാകുകയും അത് മത്സ്യബന്ധനരംഗത്തെ തൊഴിൽ കൺവൻഷൻ, 2007 അംഗീകരിച്ച രാജ്യങ്ങൾക്ക്, മേൽ സൂചിപ്പിച്ച കൺവൻഷൻ വ്യവസ്ഥകൾ അംഗീകരിച്ചു നടപ്പാക്കുന്നതിന് ദീർഘമായ ഒരു കാലാവധി ലഭിക്കുന്നതിന് സഹായകമാവും. അത്തരം ഒരു സമീപനം കൺവൻഷന്റെ വ്യാപകമായ അംഗീകാരത്തിന് വഴിതെളിക്കുമെന്നു പ്രതീക്ഷിക്കാം. കാരണം അത് കൺവൻഷൻ നടപ്പിൽ വരുത്തുന്നതിനു തടസ്സമായേക്കാവുന്ന അടിസ്ഥാനസൗകര്യ-സ്ഥാപനവല്കൃതകമ്മി നേരിടാൻ സഹായകമായിരിക്കും.

DRAFT

പരമ്പരാഗത മത്സ്യബന്ധനവും
ചെറുകിട മത്സ്യബന്ധനവും

DRAFT

DRAFT

ചിത്രം - 6

(1) വൻകിട മത്സ്യബന്ധനം

(2) ചെറുകിട മത്സ്യബന്ധനം

## ചെറുകിട മത്സ്യബന്ധനത്തിനുപോലും തൊഴിൽ മാനദണ്ഡംപ്രാധാന്യമുള്ളതായി കണക്കാക്കുന്നതെന്തുകൊണ്ട്?

1960 മതല്ക്കിങ്ങോട്ട് മത്സ്യബന്ധന രംഗത്തുകടന്നുവന്ന സാങ്കേതിക വികസനങ്ങൾ മത്സ്യബന്ധനയാനങ്ങളുടെയും മത്സ്യബന്ധനരീതികളെയും വ്യാപകമായ യന്ത്രവല്കരണത്തിലേക്കു നയിച്ചു. ഇത് പരമ്പരാഗതമത്സ്യബന്ധന യാനങ്ങളുടെയും ചെറുകിട മത്സ്യബന്ധനയാനങ്ങളുടെയും പ്രവർത്തനമേഖല കൂടുതൽ കടൽപ്രദേശങ്ങളിലേക്കു വ്യാപിപ്പിക്കുവാൻ പര്യാപ്തമായി. തന്മൂല ചെറുകിട മത്സ്യബന്ധനയാനങ്ങളുടെ പ്രവർത്തനത്തിലും അവയിലെ താമസ സൗകര്യങ്ങളുടെ കാര്യത്തിലും ഗണ്യമായ മാറ്റങ്ങൾക്കു വഴിതെളിച്ചു അഥവാ അത്തരം മാറ്റങ്ങൾ അനിവാര്യമാക്കി.

1970 കൾക്കുശേഷം തീരദേശരാജ്യങ്ങളുടെ 200 നോട്ടിക്കൽ മൈൽ വരെയുള്ള കുത്തക സാമ്പത്തിക മേഖല അല്ലെങ്കിൽ കുത്തകമത്സ്യബന്ധനമേഖല പ്രഖ്യാപനവും കടൽ യാത്രയുടെയും മത്സ്യബന്ധനരീതികളുടെയും രംഗത്തുണ്ടായ സാങ്കേതിക മുന്നേറ്റവും ഈ മേഖലയിലെ ചെറുകിട - വൻകിട മത്സ്യബന്ധനത്തിൽ അഭൂതപൂർവ്വമായ ഒരു വികസനതരംഗം സൃഷ്ടിക്കാൻ കഴിഞ്ഞു. നാവികോപകരണങ്ങളുടെ സഹായത്തോടെ ചെറുയാനങ്ങൾക്കു പോലും ബഹുദൂരം പിന്നിടാനും വൻകിടമത്സ്യബന്ധനയാനങ്ങളിലേതുപോലുള്ള ജീവിതസൗകര്യങ്ങൾ ഏർപ്പെടുത്താനും കഴിയുന്നു. 24 മീറ്ററിൽ കുറഞ്ഞ നീളമുള്ള മത്സ്യബന്ധനയാനങ്ങളിൽ പോലും മത്സ്യബന്ധനപ്രവർത്തനങ്ങളിൽ വ്യക്തമായ തൊഴിലുടമ-തൊഴിലാളി ക്രമം കാണാൻ കഴിയും. അതുകൊണ്ടുതന്നെ ചില മത്സ്യബന്ധനപ്രവർത്തനങ്ങൾ വ്യവസായിക രീതിയിലുള്ള ഉല്പാദനത്തിലേക്കു നീങ്ങുന്നതായി കാണാം.

വികസ്വരരാജ്യങ്ങളിലെ ചെറുകിട മത്സ്യബന്ധനരംഗത്ത് കണ്ടുവരുന്ന നാമമാത്രമായ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മത്സ്യമേഖല തൊഴിൽ കൺവൻഷൻ, 2007 ന് കഴിയും. ചെറുകിട മത്സ്യബന്ധനമേഖലയിൽപോലും ലോകവ്യാപകമായി തൊഴിലും ജീവിതനിലവാരവുമായി ബന്ധപ്പെട്ട ഒരു നിയമചട്ടക്കൂട്ട് ആവശ്യമാണ്.

DRAFT

## പരമ്പരാഗത - ചെറുകിട മത്സ്യത്തൊഴിലാളികൾക്കും മത്സ്യബന്ധനയാനങ്ങൾക്കും 2007 ലെ മത്സ്യബന്ധനതൊഴിൽ കൺവൻഷൻ എങ്ങനെ പ്രയോജനപ്പെടുന്നു.?

മത്സ്യബന്ധനരംഗത്തെ തൊഴിൽ കൺവൻഷൻ,2007 പരമ്പരാഗത-ചെറുകിട-വൻകിട മത്സ്യബന്ധനത്തെയോ മത്സ്യത്തൊഴിലാളികളെയോ പ്രത്യേകിച്ച് സൂചിപ്പിച്ചിട്ടില്ലെങ്കിലും അതിന്റെ വ്യാപ്തി - അപവാദം, ഒഴിവാക്കൽ, നിരാകരണം എന്നിവയ്ക്കു വിധേയമായി. എല്ലാത്തരം മത്സ്യബന്ധനപ്രവർത്തനങ്ങളെയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ചെറുകിട മത്സ്യബന്ധനയാനങ്ങൾക്കു പ്രയോജനകരമാകുന്ന കൺവൻഷൻ വ്യവസ്ഥകളിൽ താഴെ കാണിച്ചിട്ടുള്ളവയാണ് ഉൾപ്പെടുന്നത്.

* കുറഞ്ഞ വേതനമാനദണ്ഡം
* വൈദ്യ പരിശോധന
* തൊഴിലാളിലിസ്റ്റ്
* കൃത്യമായ വിശ്രമം
* തൊഴിൽ കരാർ
* കൃത്യമായ കൂലി
* യാനങ്ങളിലെ താമസം, ഭക്ഷണം, കുടിവെള്ളം
* വൈദ്യോപകരണങ്ങൾ, മരുന്നുകൾ, കൂടാതെ പ്രഥമശുശ്രൂഷ
* യോഗ്യതയുള്ള ഒരു മത്സ്യത്തൊഴിലാളി വേണമെന്ന നിർബന്ധം
* കരയിലായിരിക്കുമ്പോഴുള്ള ചികിത്സാസൗകര്യം
* യാനങ്ങളിൽ തൊഴിൽപരമായ അപകടം അസുഖം തൊഴിലുമായി ബന്ധപ്പെട്ട അപകടസാദ്ധ്യതകൾ എന്നിവ തടയുന്നത്.
* വിവിധതരം വലകൾ ഉപയോഗിക്കുന്നതിന് മത്സ്യത്തൊഴിലാളികളുടെ പരിശീലനം.
* മത്സ്യബന്ധനയാനങ്ങളിലുണ്ടാവുന്ന അപകടം സംബന്ധിച്ച വിവരം നല്കലും അന്വേഷണവും.
* ആരോഗ്യ പരിരക്ഷണവും വൈദ്യശുശ്രൂഷയും സാമൂഹ്യസുരക്ഷിതത്വവും.

DRAFT

എന്നിരുന്നാലും മേൽവ്യവസ്ഥകൾ പ്രകാരം പരമ്പരാഗത ചെറുകിട മത്സ്യബന്ധന പ്രവർത്തനങ്ങൾക്കു ലഭ്യമാകുന്ന പ്രയോജനങ്ങൾ പ്രത്യേക ചെറുകിട മത്സ്യബന്ധനപ്രവർത്തനങ്ങൾ കൺവൻഷന്റെ പ്രവർത്തന പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോ എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. കൺവൻഷന്റെ പ്രയോജനം ലഭിക്കാവുന്ന ചെറുകിട വിഭാഗങ്ങൾ ഏതൊക്കെയെന്നു തീരുമാനിക്കുന്നത് ദേശീയ തലത്തിലായിരിക്കും.

## മത്സ്യമേഖലയിലെ തൊഴിൽ കൺവൻഷൻ, 2007 എല്ലാവിഭാഗം മത്സ്യത്തൊഴിലാളികളെയും മത്സ്യബന്ധനയാനങ്ങളെയും ഉൾക്കൊള്ളിച്ചിട്ടുണ്ടോ.?

മത്സ്യബന്ധനമേഖലയിലെ തൊഴിൽ കൺവൻഷൻ 2007, "മത്സ്യത്തൊഴിലാളി" എന്നതിനു നല്കിയിട്ടുള്ള നിർവ്വചനത്തിൽ മത്സ്യബന്ധനയാനങ്ങളിൽ സ്വയം തൊഴിൽ കണ്ടെത്തിയവരോ വേതനം സ്വീകരിക്കുന്നവരോ, വേതനം പിടിച്ചമത്സ്യത്തിന്റെ പങ്കായി സ്വീകരിക്കുന്നവരുൾപ്പെടെ നിയമിക്കപ്പെട്ടവരോ ഏതു വിഭാഗത്തിലും നിയോഗിക്കപ്പെട്ടവരോ യാനങ്ങളിൽ ഏതെങ്കിലും ജോലിയോ ചെയ്യുന്ന ഏതൊരു വ്യക്തിയും ഉൾപ്പെടുന്നു. അപ്രകാരം മത്സ്യത്തൊഴിലാളികൾ മാത്രമല്ല, യാനങ്ങളിൽ മത്സ്യസംസ്കരണജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരും കൺവൻഷന്റെ പരിധിയിൽ ഉൾപ്പെടും. മത്സ്യബന്ധനയാനത്തിന്റെ നീളം മത്സ്യബന്ധന ദിനങ്ങളുടെ എണ്ണം, മത്സ്യബന്ധന പ്രദേശം, മത്സ്യബന്ധന രീതി എന്നിവ കണക്കിലെടുത്ത് ചില സമുദ്രജല മത്സ്യബന്ധന വിഭാഗങ്ങളെയും ഉൾനാടൻ മത്സ്യബന്ധന പ്രവർത്തനങ്ങളെയും കൺവൻഷന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ വ്യവസ്ഥയുണ്ട്. എന്നാലും 24 മീറ്ററിൽ കുറഞ്ഞ നീളമുള്ളതാണെങ്കിലും അത്തരം യാനങ്ങൾ 7 ദിവസത്തിലധികം മത്സ്യബന്ധനം നടത്തുകയോ കോണ്ടിനെന്റൽ ഷെൽഫിനപ്പുറമോ 200 നോട്ടിക്കൽ മൈലിനപ്പുറമോ മത്സ്യബന്ധനം നടത്തുന്നവയോ ആണെങ്കിൽ അത്തരം യാനങ്ങൾക്കു ഈ ഒഴിവാക്കൽ ബാധകമായിരിക്കുകയില്ല.

DRAFT

DRAFT

ചിത്രം 7

(1) WFC ’07

(2) ആരോഗ്യപരിരക്ഷ

(3) തീരം കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടത്തുന്നവർ

(4) സേവനവ്യവസ്ഥകൾ

## തീരം കേന്ദ്രീകരിച്ച് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്കു മത്സ്യമേഖലയിലെ തൊഴിൽ കൺവൻഷൻ, 2007, എങ്ങനെ പ്രയോജനപ്പെടുന്നു.?

മുങ്ങി മത്സ്യം പിടിക്കുന്നവർ, കരമടിവലിക്കുന്നവർ, കടൽ പായൽ ശേഖരിക്കുന്നവർ, വീശുവല ഉപയോഗിക്കുന്നവർ, കരയോടടുത്തുനിന്നും മത്സ്യം പിടിക്കുന്നവർ തുടങ്ങി യാനങ്ങളിൽ നിന്നല്ലാതെ കരയിൽ നിന്നും മത്സ്യം പിടിക്കുന്നവർ, അവർ തൊഴിലാളി-തൊഴിലുടമാ വിഭാഗങ്ങളിൽപെടുന്നവരാണെങ്കിലും യാനങ്ങളിൽ നിന്നല്ലാതെയോ കരയിൽനിന്നോ മത്സ്യം പിടിക്കുന്നവരെ 2007 ലെ മത്സ്യമേഖലയിലെ തൊഴിൽ കൺവൻഷന്റെ നിർവ്വചനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

## മത്സ്യമേഖല തൊഴിൽ കൺവൻഷൻ 2007, പ്രകാരം മത്സ്യത്തൊഴിലാളികൾക്കു ലഭിക്കാവുന്ന ആനുകൂല്യങ്ങൾ തീരാധിഷ്ഠിത മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കുന്നു എന്നുറപ്പ് വരുത്തുവാൻ മത്സ്യത്തൊഴിലാളികൾക്കും സാമൂഹ്യ സംഘടനകൾക്കും എന്തു ചെയ്യുവാൻ കഴിയും.?

മുങ്ങി മത്സ്യം പിടിക്കുന്നവർ, കരമടി ഉപയോഗിക്കുന്നവർ, അനുബന്ധതൊഴിലാളികൾ, ഈ മേഖലയിലെ സജീവസാന്നിദ്ധ്യമായ സ്ത്രീകൾ, തുടങ്ങി മത്സ്യബന്ധനയാനങ്ങളിൽ നിന്നല്ലാതെ മത്സ്യം പിടിക്കുന്ന മുഴുവൻ സമയ തൊഴിലാളികൾക്കും മത്സ്യമേഖലയിലെ തൊഴിൽ കൺവൻഷൻ 2007, ന്റെ പ്രസക്തവകുപ്പുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊണ്ട് മറ്റു മാർഗ്ഗങ്ങൾക്കൊപ്പം വ്യാപകമായ പ്രചാരണം നടത്തേണ്ടതുണ്ട്.

(1) അപകടം പതിയിരിക്കുന്ന ജോലി (മുങ്ങൽ, പ്രക്ഷുബ്ധമായ കടലിൽ കരമടിയുപയോഗിച്ചുള്ള മത്സ്യം പിടിക്കൽ, ശംഖ് / ചിപ്പി ശേഖരിക്കൽ)

(2) സേവനവ്യവസ്ഥകൾ (തൊഴിൽ കരാർ, വിശ്രമ സമയം, വേതനം തുടങ്ങിയവ)

(3) തൊഴിൽ പരമായ സുരക്ഷയും ആരോഗ്യസംരക്ഷണവും.

(4) വൈദ്യസഹായം, സാമൂഹ്യസുരക്ഷ തുടങ്ങിയ ഏറ്റവും കുറഞ്ഞ ആവശ്യങ്ങൾ തീരാധിഷ്ഠിത മത്സ്യബന്ധനം നടത്തിവരുന്ന തൊഴിലാളികളുടെ തൊഴിലും ജീവിതമാർഗ്ഗങ്ങളും മെച്ചപ്പെടുത്താൻ സഹായകമായിരിക്കും.

DRAFT

## മുന്നോട്ടുള്ള മാർഗ്ഗം

DRAFT

ചിത്രം F 8

ഭക്ഷണം

DRAFT

## മത്സ്യബന്ധന മേഖല തൊഴിൽ കൺവൻഷൻ, 2007, അംഗീകരിച്ച് നടപ്പാക്കുന്നതിന് അംഗരാജ്യങ്ങൾ ചെയ്യേണ്ടതെന്തെല്ലാം.?

മത്സ്യബന്ധനമേഖല തൊഴിൽ കൺവൻഷൻ,2007 അംഗീകരിക്കുന്ന രാജ്യങ്ങൾ, കൺവൻഷന്റെ പരിധിയിൽ നിന്നും ചില വിഭാഗം മത്സ്യത്തൊഴിലാളികളെയും മത്സ്യബന്ധനയാനങ്ങളെയും ഒഴിവാക്കിയതും ഇപ്രകാരം ഒഴിവാക്കപ്പെട്ട വിഭാഗങ്ങൾക്ക് തത്തുല്യമായ സംരക്ഷണം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അന്താരാഷ്ട്രതൊഴിൽ സംഘടനയെ അറിയിക്കേണ്ടതാണ്. സുരക്ഷിതമായ യാത്രയ്ക്കും പ്രവർത്തനത്തിനും മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ആരോഗ്യത്തിനും വേണ്ടവിധം ആവശ്യമായിവരുന്ന തൊഴിലാളികളുടെ എണ്ണവും വ്യക്തമാക്കേണ്ടതുണ്ട്. ഒപ്പം താഴെ കാണിച്ചിരിക്കുന്നവയ്ക്കുള്ള മാനദണ്ഡം നിർണ്ണയിക്കേണ്ടതാണ്.

* മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ആരോഗ്യവും ഉറപ്പാക്കുന്നതിന് പര്യാപ്തമായ വിശ്രമസമയം.
* കൃത്യമായി വേതനം നല്കുന്നതിനുള്ള സംവിധാനം
* യാനങ്ങളിൽ ആവശ്യമായ സൗകര്യവും മേന്മയുമുള്ള താമസസൗകര്യം
* പ്രഥമശുശ്രൂഷ, അടിയന്തിരവൈദ്യസഹായം ലഭ്യമാക്കുന്നതിന് യോഗ്യതയും പരിശീലനവും സിദ്ധിച്ച ഒരു മത്സ്യത്തൊഴിലാളിയെങ്കിലും യാനത്തിൽ ഉണ്ടായിരിക്കുക.
* മത്സ്യത്തൊഴിലാളികൾക്ക് കരയിലായിരിക്കുമ്പോഴും, ആവശ്യമെങ്കിൽ, വൈദ്യചികിത്സ ലഭിക്കുന്നതിനുള്ള അവകാശം.
* യാനങ്ങളിൽ തൊഴിൽപരമായ അപകടങ്ങൾ, രോഗങ്ങൾ തൊഴിൽ സംബന്ധമായ അപകട സാദ്ധ്യതകൾ എന്നിവ തടയുന്നതിന്.
* മെച്ചപ്പെട്ട ആഹാരവും ജലവും വേണ്ടത്ര അളവിൽ നൽകുന്നതിനുള്ള വ്യവസ്ഥ.
* വിവിധയിനം വലകളെക്കുറിച്ചും തങ്ങൾ ഏർപ്പെടുന്ന മത്സ്യബന്ധന പ്രവർത്തനങ്ങളെക്കുറിച്ചും അവശ്യം വേണ്ട പരിശീലനം മത്സ്യത്തൊഴിലാളികൾക്ക് നല്കുന്നതിന്.
* യാനങ്ങളിലായിരിക്കുമ്പോൾ ഉണ്ടാകാവുന്ന അപകടത്തെ സംബന്ധിച്ചുള്ള അന്വേഷണം.
* മത്സ്യത്തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ലഭ്യമാക്കേണ്ട സാമൂഹ്യ സുരക്ഷ
* കൺവൻഷൻ വ്യവസ്ഥകൾക്കനുസൃതമായിട്ടുള്ള താമസസൗകര്യങ്ങളും പ്രവർത്തനസാഹചര്യങ്ങളും യാനങ്ങളിൽ ലഭ്യമാണെന്ന ബന്ധപ്പെട്ട അധികാരികളുടെ സാക്ഷ്യപത്രം അതതുയാനങ്ങളിൽ സൂക്ഷിക്കേണ്ടതാണ്.

DRAFT

പരിശോധന, റിപ്പോർട്ടിംഗ്, വിലയിരുത്തൽ, നടപടിക്രമങ്ങൾ പാലിക്കൽ, ശിക്ഷനടപ്പാക്കൽ, പരിഹാരമാർഗ്ഗങ്ങൾ എന്നിവ മത്സ്യബന്ധന തൊഴിൽ കൺവൻഷൻ 2007 വ്യവസ്ഥകൾ പ്രകാരം അതതുപതാക രാജ്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്. 2007 ലെ മത്സ്യബന്ധന മേഖലയിലെ തൊഴിൽ കൺവൻഷൻ പ്രകാരമുള്ള വ്യവസ്ഥകൾ നടപ്പാക്കുന്നതു സംബന്ധിച്ച് യാനങ്ങളുടെ ഉടമരാജ്യങ്ങൾ പരിശോധന, വിവരം നല്കൽ, മുന്നറിയിപ്പും, പരാതി നടപടികൾ, യോജിച്ച ശിക്ഷ നല്കൽ, പരിഹാര മാർഗ്ഗങ്ങൾ എന്നിവ യഥാസമയം ചെയ്യേണ്ടതാണ്. തുറമുഖത്തടുക്കുന്ന ഏതെങ്കിലും യാനം കൺവൻഷൻ വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തപക്ഷം അക്കാര്യം തുറമുഖരാജ്യം പതാകരാജ്യത്തെ അറിയിക്കേണ്ടതാണ്. മത്സ്യത്തൊഴിലാളികളുടെ ആരോഗ്യത്തിനോ സുരക്ഷയ്ക്കോ ഭീഷണിയുണ്ടെന്നു കണ്ടെത്തുന്ന യാനങ്ങൾ പരിശോധിച്ചു അവ പരിഹരിക്കുന്നതിനുള്ള നടപടികൾ തുറമുഖരാജ്യം കൈക്കൊള്ളേണ്ടതാണ്.

## മത്സ്യ മേഖലയിലെ തൊഴിൽ കൺവൻഷൻ, 2007, വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വികസ്വര രാജ്യങ്ങളെ സഹായിക്കുന്നതിന് ഏതെങ്കിലും പ്രത്യേക വ്യവസ്ഥകൾ ഉണ്ടോ.?

കൺവൻഷന്റെ പരിധിയിൽ വരുന്ന ചില വിഭാഗം യാനങ്ങൾക്കും തൊഴിലാളികൾക്കും കൺവൻഷന്റെ ചില വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വികസ്വര രാജ്യങ്ങൾക്കു ഉദാരമായ സമീപനം (P 30) ലഭ്യമാകുന്നു.

## മത്സ്യമേഖല തൊഴിൽ കൺവൻഷൻ 2007, നടപ്പിലാക്കൽ ഉറപ്പുവരുത്തുന്നതിന് സാമൂഹ്യ സംഘടനകൾക്കും തൊഴിലാളികൾക്കും ചെയ്യാൻ കഴിയുന്നതെന്ത്?

മത്സ്യമേഖല തൊഴിൽ കൺവൻഷൻ 2007 നടപ്പിൽ വരുത്തുന്നത് ഉറപ്പാക്കുന്നതിനാവശ്യമായ പ്രചാരണം ദേശീയ തലത്തിൽ ഏറ്റെടുക്കേണ്ടതാണ്. കൺവൻഷൻ പ്രാബല്യത്തിൽ വരുത്തുന്നതിന് ബന്ധപ്പെട്ട തലങ്ങളിൽ നിയമം പരിഷ്കരിക്കുന്നതിനോ വികസിപ്പിക്കുന്നതിനോ ഉള്ള ശ്രമങ്ങൾ ആവശ്യമാണെന്നത് പ്രാധാന്യമർഹിക്കുന്നു.

DRAFT

കൺവൻഷന്റെ പരിധിയിൽ കൊണ്ടുവരേണ്ടതോ ഒഴിവാക്കേണ്ടതോ ആയ മത്സ്യത്തൊഴിലാളികളും മത്സ്യബന്ധനയാനങ്ങളും ഏതെന്നു കണ്ടുപിടിക്കുന്നതിന് വിദഗ്ദ്ധോപദേശവും പങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ട് ബന്ധപ്പെട്ട അധികാരികളുടെയും തൊഴിലുടമകളുടെയും തൊഴിലാളി സംഘടനകളുടെയും സഹായമഭ്യർത്ഥിച്ചുകൊണ്ട് ദേശീയതലത്തിലുള്ള പ്രചാരണമാവശ്യമാണ്. 7 ദിവസത്തിനുമേൽ മത്സ്യബന്ധനം തുടരാനോ 200 നോട്ടിക്കൽ മൈൽ അപ്പുറത്തേക്കു മത്സ്യബന്ധനം വ്യാപിപ്പിക്കുന്നതിനോ കഴിയുന്ന മത്സ്യബന്ധനയാനങ്ങളെ അവയുടെ വലിപ്പം കണക്കിലെടുക്കാതെ തന്നെ കണ്ടെത്തേണ്ടതാവശ്യമാണ്. 24 മീറ്ററിൽ കുറഞ്ഞ മത്സ്യബന്ധനയാനങ്ങളും അവയിൽ തൊഴിലെടുക്കുന്ന മത്സ്യത്തൊഴിലാളികളെയും കൺവൻഷന്റെ പരിധിയിൽ കൊണ്ടുവരുന്നത് മറ്റുകാര്യങ്ങൾക്കൊപ്പം മത്സ്യബന്ധനപ്രദേശം, മത്സ്യബന്ധന സമയദൈർഘ്യം, മത്സ്യബന്ധനരീതി എന്നിവകൂടി അടിസ്ഥാനമാക്കിയായിരിക്കും. ഇതുകൂടാതെ ഏതെല്ലാം മത്സ്യബന്ധനയാനങ്ങൾക്കും തൊഴിലാളികൾക്കുമാണ് ഒഴിവാക്കൽ നല്കേണ്ടത് അല്ലെങ്കിൽ കൺവൻഷന്റെ അപവാദമായിട്ടുള്ളത് എന്നും കണ്ടെത്തേണ്ടതാണ്. കൺവൻഷന്റെ ഏതെല്ലാം വകുപ്പുകളാണ് എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബാധകമായിട്ടുള്ളത് എന്നതും കണ്ടെത്തേണ്ട താവശ്യമാണ്. ഉദാഹരണമായി കുറഞ്ഞപ്രായപരിധി, കൃത്യമായ വേതന വിതരണം, സാമൂഹ്യസുരക്ഷ എന്നിവ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഒരുപോലെ ബാധകമായിരിക്കുമെന്നും കണക്കാക്കാവുന്നതാണ്. ഇത് അവരെ 24 മീറ്ററിൽ താഴെയുള്ള യാനങ്ങളെയും അതിൽ ജോലിചെയ്യുന്ന തൊഴിലാളികളെയും ഒരു പ്രത്യേക കാഴ്ചപ്പാടോടെ, – അത് വികസ്വരരാജ്യങ്ങളിൽ ചുരുക്കമാണെങ്കിലും – നോക്കിക്കാണാൻ സഹായിക്കും.

DRAFT

# ഉപസംഹാരം

DRAFT

ചിത്രം 9

WFC ’07

## ചില പര്യവസാന നിരീക്ഷണങ്ങൾ

മത്സ്യത്തൊഴിലാളികളെ നിയോഗിക്കൽ, മത്സ്യബന്ധന സമയത്തെ അവരുടെ തൊഴിൽ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, സാമൂഹ്യസുരക്ഷ ഉറപ്പാക്കൽ എന്നിവയെ സംബന്ധിക്കുന്ന തൊഴിൽ മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിനാവശ്യമായ മുഖ്യഘടകങ്ങൾ പ്രദാനം ചെയ്യുന്നതിന് മത്സ്യമേഖലയിലെ തൊഴിൽ കൺവൻഷൻ 2007 ന് കഴിയും.

ലോകത്തെമ്പാടുമുള്ള വൻകിട-ചെറുകിട മത്സ്യബന്ധനമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ-ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ മനുഷ്യത്വരഹിതമായ തൊഴിൽ സാഹചര്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും ഇതിനു കഴിയുന്നു. 2004 ലെ മത്സ്യബന്ധനകമ്മറ്റിയെ അഭിസംബോധന ചെയ്യവേ അന്താരാഷ്ട്ര തൊഴിൽ കോൺഫറൻസ് സെക്രട്ടറി ഇപ്രകാരം അഭിപ്രായപ്പെട്ടു. "ഒരു മത്സ്യത്തൊഴിലാളിയും കൺവൻഷന്റെ സംരക്ഷിതവലയിൽ നിന്നും അശ്രദ്ധ മൂലം വഴുതി പോകാതിരിക്കുക എന്നത് സുപ്രധാനമാണ്. ഇത് സാധിതമാക്കുന്നതിന് ഈ വലയുടെ കണ്ണിവലിപ്പം വളരെ വലുതാകാതെ കൃത്യമായിരിക്കുകയും എന്നാൽ അത് നിയമം അംഗീകരിച്ച് നടപ്പിലാക്കുന്നതിനെ ശ്വാസം മുട്ടിക്കുംവിധം ചെറുതായിരിക്കുവാനും പാടില്ല." സർക്കാർ, തൊഴിലാളികൾ, തൊഴിലുടമാസംഘടനകൾ, സന്നദ്ധസംഘടനകൾ എന്നിവ മത്സ്യമേഖല തൊഴിൽ കൺവൻഷൻ 2007, ലോകമെങ്ങും നടപ്പിലാക്കുന്നതിനുവേണ്ടി ഒത്തൊരുമിച്ച് ശ്രമിക്കേണ്ടതാണ്.

ഐ.സി.എസ്.എഫ്. തയ്യാറാക്കിയത്.

DRAFT